ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: റൂറൽ മാൻപൗവ്വർ സ്കീമിലുള്ള റോഡുകളും പി. ഡബ്ളിയു. ഡി. യാണ് നടത്തുന്നത്.

ശ്രീ. ടി. എം. മീതിയൻ: 1967—ൽ ഉൾക്കൊള്ളിച്ചിരുന്ന വില്ലേജ് റോഡുകളുടെ പണി നടത്തേണ്ടതില്ലെന്ന് ഗവൺമെൻറു ഒരു ജനറൽ ഓർഡർ ഇഷ്യൂ ചെയ്തിരിക്കുകയാണ്. അതുകാരണം ബഡ്ജറ്റിൽ തുക ഉണ്ടായിരുന്നിട്ടും ആ റോഡുകളുടെ പണി നടത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഗവൺമെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ആ ഓർഡർ പിൻവലിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ബഡ്ജറ്റിൽ ഉള്ള വർക്കുകളും മുഴുവൻ ഏറെറടുക്കാനുള്ള തുക ഇല്ലാത്തതുകൊണ്ടാണ് ഗവൺമെൻറിൽനിന്നും ആ ഓർഡർ പുറപ്പെടുവിക്കാൻ ഇടയായത്.

ശ്രീ. പി. പി. ജോർജ്: ഇപ്പോഴത്തെ റോഡുകളുടെ പണിക്കുവേണ്ടി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുകയ്ക്കു പുറമേ കൂടുതലായി എത്ര രൂപയാണ് ചീഫ് ഇൻജീനിയർ അതിനുവേണ്ടി ആവശ്യപ്പെട്ടത്? അതിൽ എത്ര രൂപ അനുവദിച്ചു എന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഇപ്പോഴത്തെ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: തോട്ടപ്പള്ളി—പുറക്കാടു റോഡു എതു സമയത്തും കടലാക്രമണത്തിന് വിധേയമാകുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നതുകൊണ്ട് അതു പരിഹരിക്കുന്നതിന് ഏകപോംവഴിയായതും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുമായ കരുവാറ—തകഴി റോഡിൻെറ പണി അടിയന്തിരമായി തുടങ്ങുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പരിശോധിക്കാം.

പട്ടികജാതിക്കാർ

* 100 (356) ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്)
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, മുസ്തഫാ കെമാൽ
,, വി. ശ്രീധരൻ
,, ഇ. ബാലാനന്ദൻ
,, ടി. എം. മീതിയൻ
,, എ. വി. ആര്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ കേരളത്തിൽനിന്നും കുറെ സമുദായക്കാരെക്കൂടി ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെൻറ് നടപടികളും എടുത്തുവരുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സമുദായക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തുന്നത്;

(സി) ഇക്കാര്യത്തിൽ സംസ്ഥാനഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സമുദായക്കാരുടെ കാര്യത്തിൽ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഉണ്ട്

(ബി) 1. മണ്ണാൻ, വണ്ണാൻ, പതിയൻ.
2. പരവൻ 3. വേലൻ 4. വേട്ടുവൻ 5. പെരുവണ്ണാൻ
6. പുള്ളുവൻ 7. ചെമ്മാൻ 8. തച്ചർ 9. മോഗർ
10. മാഡിഗാ.

(സി) ഉണ്ട്.

(ഡി) പാർട്ട് ബിയിൽ പറഞ്ഞിട്ടുള്ള പട്ടികസമുദായത്തെക്കൂടാതെ താഴെപ്പറയുന്ന സമുദായങ്ങളെക്കൂടി പട്ടികജാതിയിൽ ചേർക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്:

1. ചാക്കുമൻ
2. ബോയർ
3. പെരുവണ്ണാൻ
4. വർണ്ണവർ
5. കുടുംബി

ഇവ കൂടാതെ പട്ടികജാതിയിൽനിന്നും പട്ടികവർഗ്ഗത്തിൽ നിന്നും ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്യപ്പെട്ടവർക്കുകൂടി ഇപ്പോഴും നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് പുറമേ, പട്ടിക ജാതിക്കാർക്ക് നൽകി വരുന്ന മറ്റാനുകൂല്യങ്ങളും കൂടി നൽകുവാൻ കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട് താലൂക്കിലെ മാടമ്പി സമുദായത്തെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: ഇപ്പോഴത്തെ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽ അങ്ങനെ ഒരു സമുദായത്തിന്റെ പേർ കാണുന്നില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ആ സമുദായത്തെക്കൂടി ചേർക്കാൻ പറ്റുമോ?

ശ്രീ. ഒ. കോരൻ: ഇപ്പോഴത്തെ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ലിസ്റ്റിന്റെ പേരാണ് ഞാൻ ഇവിടെ വായിച്ചത്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട് താലൂക്കിൽക്കാണുന്ന മാടമ്പി സമുദായത്തെക്കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ എന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. ഒ. കോരൻ: അതു ചെയ്യാൻ പ്രയാസമുള്ള കാര്യമാണ്. കേന്ദ്രഗവൺമെന്റുമായി ചർച്ചചെയ്ത് അംഗീകരിച്ചിട്ടുള്ള ഒരു ലിസ്റ്റാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇവിടെ വായിച്ചത്. ഈ ലിസ്റ്റിൽപ്പെട്ട സമുദായങ്ങളെല്ലാം പാർല മെൻറിൽ അംഗീകരിച്ചിട്ടുള്ളതാണ്. അതിൻറെ ഫലമായി വീണ്ടും ഒരു ലിസ്റ്റ് കേന്ദ്രഗവൺമെൻറിനു സമർപ്പിക്കാൻ സാധിക്കുമെന്നു തോന്നു ന്നില്ല.

ശ്രീ. മുസ്തഫാ കെമാൽ: പത്തുലക്ഷത്തിൽപ്പരം വരുന്ന അവശ ക്രിസ്ത്യാനികളെ പട്ടികജാതിയിൽപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയി ട്ടുണ്ടെന്നു പറഞ്ഞു. അതനുസരിച്ച് കേന്ദ്രഗവൺമെൻറിൻറെ അനുകൂല മായ പ്രതികരണം ഉണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുവേണ്ട ശക്തമായ നടപടികളും കൈക്കൊള്ളുമോ?

ശ്രീ. ഒ. കോരൻ: ഈ ഗവൺമെൻറിന് കേന്ദ്രഗവൺമെൻറിൽനിന്ന് പ്രത്യേകിച്ച് നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. എം. മീതിയൻ: ഉപ്പള സമുദായത്തെ പട്ടികജാതിയിൽ ഉൾ പ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു സമരം നടത്തുകയും മുൻ ഗവൺ മെൻറിൻറെ കാലത്ത് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ച് ആവശ്യമായ നിർദ്ദേശം സമർപ്പിക്കുകയും ചെയ്യുന്നതാണെന്നു അവർക്കു മറുപടി നൽകുകയും ചെയ്തിരുന്നു. ആ വിഭാഗത്തെ പട്ടികജാതിക്കാരുടെ ലിസ്റ്റിലേക്ക് റെക്കമൻറ് ചെയ്തതായി കാണുന്നില്ല. അതിൻറെ കാരണമെന്താണ്? അവരെക്കൂടി പട്ടികജാതിക്കാ രുടെ ലിസ്റ്റിൽപ്പെടുത്താൻ നിർദ്ദേശം സമർപ്പിക്കുമോ?

ശ്രീ. ഒ. കോരൻ: ഏതെല്ലാം സമുദായത്തെയാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത് എന്നതിനെ സംബന്ധിച്ച് വ്യക്തമായ പഠനംനടത്തി ഗവൺ മെൻറിലേക്കു സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ലിസ്റ്റു ഉണ്ടാക്കിയിട്ടുള്ളത്. അതിന് ഉപരിയായി വേറെ സമുദായത്തെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പ്രയാസമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. കൃഷ്ണൻ: പഴയ പൊന്നാനി താലൂക്കിലുള്ള പണിയൻ സമുദായത്തെ പട്ടികജാതിയിൽ പെടുത്തണമെന്നു നിവേദനമുണ്ടാ യിരുന്നു. അതു ചേർക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. ഒ. കോരൻ: പ്രത്യേകിച്ചു കാരണമൊന്നും കാണുന്നില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അവശക്രിസ്ത്യാനി സമുദായ ത്തെ ചില ഭാഗങ്ങളിൽ പട്ടികജാതിക്കാരായിട്ടും മറ്റു ചില ഭാഗങ്ങളിൽ പട്ടിക വർഗ്ഗക്കാരായിട്ടും പരിഗണിക്കുന്നുണ്ട്. അത് ഏകീകരിക്കാൻ എന്തെ ങ്കിലും ഏർപ്പാട് ചെയ്തിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ശരിയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള ഈ കാര്യം ഉദ്ദേശിച്ചു പഠനം നടത്തിയിട്ടുള്ള ഷുക്കൂർ കമ്മിറ്റി 1965-ൽ ഏരിയാ വേർതിരിച്ചുകൊണ്ട് അന്വേഷണം നടത്തി ഈ സമുദായത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നുണ്ട്. അത് ഏകീകരിക്കുന്ന തിനെ സംബന്ധിച്ച് തീരുമാനമെടുത്ത് വേണ്ട നടപടികളും കൈക്കൊണ്ടു വരികയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കുഡുംബി സമുദായത്തെ ഉൾപ്പെടു ത്തുമെന്നു പറഞ്ഞു. കേന്ദ്രഗവൺമെൻറ് ആ കാര്യത്തിൽ എന്തു നിലപാട് എടുത്തു എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ? ആ സമുദായത്തിൻറെ വികാരങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിക്കൊണ്ടു കേന്ദ്രഗവൺമെൻറുമായി ഈ കാര്യത്തെക്കുറിച്ച് കൂടിയാലോചിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: കേന്ദ്രഗവൺമെൻറിന് ഈ വക സമുദായങ്ങളെ ഉൾപ്പെടുത്തണമെന്നു കാണിച്ചു പ്രത്യേകമായ നിർദ്ദേശം നൽകിയിരിക്കുകയാണ്. അതിന് ഉപരിയായി ഗവൺമെൻറ് നിവേദനം നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇന്നയിന്ന സമുദായക്കാരെ ഉൾപ്പെടുത്തണമെന്നുള്ള വ്യക്തമായ നിർദ്ദേശം കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിരിക്കുകയാണ്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: മാടംബി സമുദായത്തെ ഉൾപ്പെടുത്തണമെന്നു പറഞ്ഞു. ഇവർ സവർണ്ണസമുദായത്തിൻെറ അങ്ങേയറ്റം ഇരിക്കുന്നവരായതുകൊണ്ട് സവർണ്ണ മേധാവിത്വം അരക്കിട്ടുറപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള മാടമ്പി സമുദായത്തെപ്പറ്റിയുള്ള ചോദ്യമാണോ എന്നു അറിഞ്ഞുകൂടാ. സവർണ്ണമേധാവിത്വം അരക്കിട്ടുറപ്പിക്കാൻ വേണ്ടിയാണെങ്കിൽ തീർച്ചയായും അത് എതിർക്കേണ്ട കാര്യമാണ്.

ശ്രീ. പി. കെ. രാഘവൻ: പട്ടികജാതിയിൽ പുതിയ സമുദായക്കാരെ ചേർക്കണമെന്നു നിർദ്ദേശം കൊടുത്തതായി പറഞ്ഞു. എന്നാണ് ഇങ്ങനെ നിർദ്ദേശം നൽകിയത്? നിർദ്ദേശം നൽകുന്ന ഘട്ടത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തേണ്ടവർ ആരൊക്കെയാണെന്നുള്ളതിനെ സംബന്ധിച്ചു ഹരിജൻവെൽഫെയർ അഡൈസറി കമ്മിറ്റിയുമായോ സമുദായ സംഘടനകളുമായോ ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു വിശദമാക്കാമോ?

ശ്രീ. ഒ. കോരൻ: ഈവക കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിന് വ്യക്തമായ ചില നിർദ്ദേശങ്ങളുണ്ട്. 1965–ൽ ഷുക്കൂർ കമ്മിറ്റി ഇൻഡ്യയുടെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും അതിൻെറ ഫലമായി കേരളത്തിൽ വരികയും, ഈ രംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹരിജൻ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ചചെയ്തത് ഏതെല്ലാം സമുദായത്തെയാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതെന്നുള്ള കാര്യത്തെക്കുറിച്ച് ഒരു തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഹരിജൻവെൽഫയർ അഡൈസറി കമ്മിറ്റിയുടെ ആളുകളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: കുഡുംബിസമുദായത്തെ സംബന്ധിച്ചിടത്തോളം അവരെ ഉൾപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ ഇൻഡ്യാ ഗവൺമെൻറിനെ ധരിപ്പിച്ചിട്ടുണ്ടോ? തീണ്ടൽ തടങ്ങിയിട്ടുള്ള അനാചാരങ്ങളില്ലാത്തതാണ് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നതെന്ന ആക്ഷേപം കേൾക്കുകയുണ്ടായി. അവരുടെ കഴിഞ്ഞ കാല ചരിത്രങ്ങൾ വച്ചുകൊണ്ട് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തേണ്ടതിൻെറ ആവശ്യകത ഇൻഡ്യാഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ഒരു സമുദായത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിന് ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള ക്രൈറ്റീരിയ തൊട്ടുകൂടായ്മയാണ്. അതിൻെറകൂടെ വിദ്യാഭ്യാസപരമായ അവശതകളും മറ്റും കണക്കിലെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. രാമുണ്ണി: ഈ കാര്യത്തെ സംബന്ധിച്ചിടത്തോളമുള്ള ഫ്രാങ്കൈസ് കമ്മിഷന്റെ റിപ്പോർട്ട് സെലക്ടുകമ്മിറ്റിയുടെ മുൻപിലിരിക്കുകയാണ്. ആ കമ്മിഷന്റെ നിർദ്ദേശങ്ങൾ ഈ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ആ റിപ്പോർട്ട് ഒന്നു പഠിക്കുകയും അതിന്റെ വെളിച്ചത്തിൽ ഇതൊന്നു പുനഃപരിശോധന ചെയ്യാനും തയ്യാറാകുമോ?

ശ്രീ. ഒ. കോരൻ: രണ്ടാമത് ഈ കാര്യത്തെ സംബന്ധിച്ച് പുനഃപരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാരണം പാർലമെന്റിൽ ബിൽ അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. വി. വി. കുഞ്ഞമ്പു: കാസർകോട് താലൂക്കിലെ കുറഗൽ സമുദായത്തെ ഈ ലിസ്റ്റിൽപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്യുമോ?

ശ്രീ. ഒ. കോരൻ: ആദ്യത്തെ ലിസ്റ്റിൽ ആ പേര് ഉണ്ടല്ലോ.

ശ്രീ. കെ. ടി. ജോർജ്: കുഡുംബി സമുദായത്തെ പട്ടിക ജാതിയിൽപ്പെടുത്തണമെന്ന നിർദ്ദേശം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണെന്ന് ഒരു വർഷം മുൻപ് ഈ നിയമസഭയിൽ മറുപടി പറയുകയുണ്ടായി. അതിനുശേഷം എന്തോ ചില നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ട് അതു കൊടുക്കുന്നതിനു താമസിച്ചതാണ് ഈ നടപടി സ്വീകരിക്കുന്നതിനു വൈകിയതെന്നു മനസിലായി. അങ്ങനെയാണെങ്കിൽ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ള വിശദീകരണം എത്രയും വേഗം കൊടുത്തുകൊണ്ട് ഈ സർക്കാർ അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. കോരൻ: അങ്ങനെ യാതൊരു വിശദീകരണവും കേന്ദ്രഗവൺമെന്റിൽ നിന്നു കിട്ടിയതായി കാണുന്നില്ല.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: മുൻ ഗവൺമെന്റിന്റെ കാലത്ത് പണ്ഡിത സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് നിവേദനം നൽകിയിരുന്നു. ആ സമുദായത്തിന്റെ കാര്യം ഇതിൽ പറഞ്ഞുകേട്ടില്ല. ആ സമുദായത്തെകൂടി പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട ശുപാർശ ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ പണ്ഡിത സമുദായമെന്നു പറഞ്ഞാൽ പണ്ഡിതൻമാരാണ്. ഈ കാര്യത്തിൽ അവരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് പിന്നോക്ക നിലയുടെ പ്രശ്നം വരുന്നില്ല. വിദ്യാഭ്യാസപരമായി പിന്നോക്ക നിലയുടെ പ്രശ്നം വരുന്നില്ല.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: പണ്ഡിതൻമാരെന്നു പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രിക്ക് മാസിലായില്ലെന്നു തോന്നുന്നു. ബാർബേഴ്സിനെയാണ് പണ്ഡിതൻമാരെന്നു പറയുന്നത്.

(ഉത്തരമില്ല)

ശ്രീ. ടി. എം. മീതിയൻ: ചില സമുദായങ്ങളെ പട്ടികജാതികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിവൃത്തിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചവളാർ സമുദായത്തിന് വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റും നൽകുന്ന കാര്യം പരിശോധിക്കാമെന്ന് അവർനടത്തിയ സമരത്തിന് മറുപടി പറഞ്ഞിരുന്നു. ആ വിഭാഗക്കാർക്ക് അന്നു കൊടുത്തിരുന്ന ഉറപ്പ് പിൻവലിക്കുകയില്ലെന്നാണോ പറയുന്നത്?

ശ്രീ. ഒ. കോരൻ: ഇതിനെപ്പറ്റി ഞാൻ ആദ്യം പറഞ്ഞുകഴിഞ്ഞു. ഈവക കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായി ഐക്യം നിലവിലിരുന്ന കാലത്ത് കുഷ്ഠരോഗങ്ങളിലും മറ്റും ആദ്യം പ്രവേശനം ലഭിച്ചത് ഈ സമുദായക്കാർക്കായിരുന്നു. അത്രമാത്രം ആ കാലത്തുതന്നെ പുരോഗമനം ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ: കൂടുതൽ ജാതിക്കാരെ പട്ടികജാതിയിൽപ്പെടുത്തിയാൽ അത് വലിയൊരു സാമ്പത്തികഭാരം ഈ സംസ്ഥാനത്തിനു വരുത്തുമെന്നുള്ളതിനെ പരിഗണിച്ച് ഇതു പരിഹരിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം കേന്ദ്രഗവൺമെൻറിൽനിന്നും ലഭിക്കണമെന്നു നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഇങ്ങനെ ഈ സമുദായത്തിലേക്ക് ആളുകളെ ഉൾപ്പെടുത്തുന്നതിൻറെ വർദ്ധനവനുസരിച്ച് ഉദ്യോഗസംവരണവും മറ്റാനുകൂല്യങ്ങളും കൊടുക്കേണ്ടി വരുമ്പോൾ അതനുസരിച്ചുള്ള തോതു വർദ്ധിപ്പിക്കണമെന്നും സാമ്പത്തിക സഹായം നൽകണമെന്നും കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഇ. ജോൺജേക്കബ്: ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർക്ക് കേന്ദ്രഗവൺമെൻറിൻറെ നിലപാട് എന്തായാലുംശരി ഈ ഗവൺമെൻറ് അവർക്ക് പട്ടികജാതിക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കാനായിട്ടുള്ള തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: അതേപ്പറ്റി നേരത്തെ പറഞ്ഞുകഴിഞ്ഞു. ഗവൺമെൻറ് അതേപ്പറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. എം. എം. തോമസ്: അവശ ക്രിസ്ത്യാനികളെ പട്ടികജാതിയിൽപ്പെടുത്താൻ ശുപാർശചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന് സാമ്പത്തികമായ പരിഗണന മാത്രമേയുള്ളോ; അതോ മറ്റുള്ള പരിഗണനകളുംകൂടി കാണിച്ച് ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ഇങ്ങനെയുള്ളവർ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തിട്ടുണ്ടെങ്കിലും അവർ മുമ്പത്തേതെല്ലാം ആചരിക്കുന്ന സ്ഥിതിയാണുള്ളത്. ഈ പരിതഃസ്ഥിതിക്കു മാറ്റമുണ്ടാക്കിത്തീർക്കാൻ ഗവൺമെൻറിന് ആഗ്രഹമുണ്ട്.

ശ്രീ. എം. രാമുണ്ണി: നാലാം പദ്ധതിയുടെ അവസാനഘട്ടത്തിലും അതു തുടങ്ങിയിട്ടുണ്ടോ എന്നറിയില്ല. സ്വാതന്ത്ര്യം കിട്ടി ഏകദേശം 22 കൊല്ലക്കാലം കഴിഞ്ഞിട്ടും ഇത്തരം സമുദായങ്ങളെ ഇനിയും പട്ടികജാതി ലിസ്റ്റിൽപ്പെടുത്താൻ റക്കമെൻറു ചെയ്യാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ച സ്ഥിതിഗതികൾ എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. കാരണം ഈ കാലഘട്ടങ്ങളിൽ അവരുടെ അവശതകൾ പരിഹരിക്കണമെന്നുള്ളതായിരുന്നു കേന്ദ്രഗവൺമെൻറ് 10 കൊല്ലത്തേയ്ക്ക് ഇത് അംഗീകരിക്കപ്പെടുന്ന കാലത്തുണ്ടായിരുന്ന തത്വം. ഈ കാലഘട്ടത്തിനുള്ളിൽ പരിഹരിക്കപ്പെടാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ടാണ് ഇപ്പോൾത്തന്നെ 10 കൊല്ലത്തേക്ക് കൂടി നീട്ടണമെന്ന തീരുമാനമെടുത്തിട്ടുള്ളത്. അതുകൊണ്ട് ഈ സമുദായങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നകാലത്ത് കേന്ദ്രഗവൺമെൻറിൻറെ ഉദ്ദേശം പത്തുകൊല്ലംവീതം കൂടുമ്പോൾ നീട്ടണമെന്നായിരുന്നു. നിർഭാഗ്യവശാൽ കൂടുതൽ കൂടുതൽ സമുദായങ്ങളെ ഈ രംഗത്തേക്ക് ഉൾപ്പെടുത്തണമെന്ന പരിതഃസ്ഥിതിയാണ് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഗവൺമെൻറ് അവരെയെല്ലാം കണക്കിലെടുത്തുകൊണ്ട് ഉൾപ്പെടുത്താനുള്ള നിർദ്ദേശം കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: പട്ടികജാതിക്കാരിൽ പണിയർ കുറിച്ചി മുതലായ സമുദായക്കാരെ അടിമകളെപ്പോലെ വിൽപ്പന നടത്തുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയുണ്ടായി. ഇങ്ങനെ അടിമകളെപ്പോലെ വിൽപ്പന നടത്തുന്ന സമ്പ്രദായം ഇന്നും നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു തടയാനുള്ള ഏതെങ്കിലും നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: ഈ കാര്യങ്ങളെസംബന്ധിച്ച് പ്രത്യേകിച്ച് വയനാട്ടിലാണ് ഉള്ളത്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെൻറ് ചില നടപടികളെല്ലാം ഇപ്പോൾ കൈക്കൊണ്ടു വരികയാണ്.

കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമം

* 101 [357] ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

1969–ലെ കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമം നടപ്പിൽ വരുത്തുന്നതിനു ഗവൺമെൻറു സ്വീകരിച്ച നടപടികൾ ഏവ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): ഈ നിയമം നടപ്പിൽവരുത്തുന്നതിനാവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുക, റൂളുകൾ പ്രസിദ്ധീകരിക്കുക, ലാൻറ് ട്രൈബ്യൂണലുകൾ രൂപീകരിക്കുക എന്നീ കാര്യങ്ങൾ ഗവൺമെൻറ് ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: അപേക്ഷകൾ സമർപ്പിച്ചിരിക്കണമെന്നുപറയുന്ന ഈ അവസരത്തിൽ അതിനാവശ്യമായ ഫോറങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറയുകയുണ്ടായി. എന്നാൽ അങ്ങനെയുള്ള ഫോറങ്ങൾ കിട്ടുന്നില്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഗവൺമെൻറ് ഈ നിയമം നടപ്പിലായി ഏതാനും ദിവസത്തിനകംതന്നെ കുടികിടപ്പു പർച്ചേസ് റൈറ്റിനുള്ള ഫോറങ്ങൾ '2–ാം നമ്പർ ഫോറങ്ങൾ ലക്ഷക്കണക്കിനു അടിച്ച് എല്ലാ കളക്ടറേറ്റിലും, താലൂക്കാഫീസുകളിലും, വില്ലേജാഫീസുകളിലും എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. അത് പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു. മിക്കവാറും എല്ലാ സ്ഥലങ്ങളിലും കിട്ടിയിട്ടുണ്ടെന്നാണ് കരുതുന്നത്. ഇനി കിട്ടാതെയുണ്ടെങ്കിൽ അന്വേഷിച്ചുകൊള്ളാം.

ശ്രീ. സി. കെ. രാജൻ: ഈ നിയമം നടപ്പിലാക്കാൻ എന്തു ചെലവു വരുമെന്നും, കേന്ദ്രഗവൺമെൻറ് എന്തു സഹായം തരുമെന്നും അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: എന്തു ചെലവാകുമെന്ന് മൊത്തമായി കണക്കാക്കിയിട്ടില്ല. ഇതുസംബന്ധിച്ചു സഹായം നൽകണമെന്ന് കേന്ദ്രഗവൺമെൻറിനോട് അപേക്ഷിച്ചിരുന്നു. ഈ കാര്യത്തിൽ കേന്ദ്രഗവൺമെൻറ് അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കുന്നതാണെന്ന് ഒരു കത്ത് അയച്ചു തന്നിട്ടുണ്ട്.

ശ്രീ. ജോർജജ് തോമസ്: സർ, ഭൂപരിഷ്ക്കരണ ഭേദഗതിബില്ല് നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് അല്ലാതെ മറ്റാരെങ്കിലും മുൻകൈ എടുത്തതായി ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly